# കേരള സർക്കാർ

## വനംവന്യജീവിവകുപ്പ്

### വൈൽഡ്‌ലൈഫ് വാർഡന്റെ കാര്യാലയം, തിരുവനന്തപുരം

എ1 3156/2019 തീയതി : 29/08/2019

## ക്വട്ടേഷൻ പരസ്യം

ഗുജറാത്തിലെ സക്കർബാഗ് മൃഗശാലയിൽ നിന്നും നെയ്യാർ ലയൺ സഫാരി പാർക്കിലേക്ക് കൊണ്ടുവന്ന രണ്ട് സിംഹങ്ങളെ (10 വയസുള്ള ഒരാൺ സിംഹവും, $6^1/_2$ വയസുള്ള ഒരു പെൺ സിംഹവും) കേരളത്തിലെ പരിസ്ഥിതിയുമായി പൊരുത്തപ്പെടുന്നതിനും യാത്രാക്ഷീണം മാറ്റുന്നതിനും യാത്രയിലുണ്ടായ ഷോക്കിൽ നിന്നും മുക്തിനേടുന്നതിനും ചെറിയ പരിക്കുകൾ ഭേദപ്പെടുത്തുന്നതിനും 17/08/2019 ാം തീയതി മുതൽ രണ്ടാഴ്ചക്കാലം തിരുവനന്തപുരം മൃഗശാലയിൽ പാർപ്പിച്ചിരിക്കുകയാണ്. സിംഹങ്ങൾ തിരുവനന്തപുരം മൃഗശാലയിൽ തങ്ങുന്ന കാലത്തേക്കും, തുടർന്ന് നെയ്യാർ ലയൺ സഫാരി പാർക്കിൽ കൊണ്ടുവരുന്ന മുറയ്ക്ക് അവിടേയും ടി മൃഗങ്ങൾക്ക് ഭക്ഷണം ആദ്യത്തെ 30 ദിവസം 14.5 കി.ഗ്രാം പോത്തിറച്ചി എന്ന ക്രമത്തിലും പിന്നീടുള്ള 15 ദിവസത്തേക്ക് 8 കിലോ പോത്തിറച്ചി, 6.5 കിലോ ബീഫ് (മാട്ടിറച്ചി) എന്ന ക്രമത്തിലും എത്തിക്കുന്നതിന് ഒരു കിലോ ഇറച്ചിക്ക് നിശ്ചിത രൂപ എന്ന നിരക്കിൽ മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷൻ നേടുന്നയാൾ ചുവടെപ്പറയുന്ന കരാർ വ്യവസ്ഥകൾ കർശനമായി പാലിക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കും.

1. കൃത്യമായ അളവിലും തൂക്കത്തിലുമുള്ള ശുദ്ധമായ പോത്തിറച്ചിയും, ബീഫും നൽകേണ്ടതാണ്.
2. ആഹാരം എത്തിക്കുന്നതിനുള്ള കരാർ കാലയളവ് എഗ്രിമെന്റ് ഒപ്പിടുന്ന ദിവസം മുതൽ 45 ദിവസത്തേക്കായിരിക്കും.
3. ആഹാരം എത്തിക്കുന്നതിനുള്ള കാലയളവ് കൂട്ടുന്നതിനോ/കുറയ്ക്കുന്നതിനോ ഉള്ള അധികാരം ഫോറസ്റ്റ് വെറ്റിനറി ഓഫീസറുടെ നിർദ്ദേശാനുസരണം പൂർണ്ണമായും തിരുവനന്തപുരം വൈൽഡ്‌ലൈഫ് വാർഡനിൽ നിക്ഷിപ്തമായിരിക്കും.
4. കരാർ ലഭിക്കുന്ന പക്ഷം പിറ്റേ പ്രവൃത്തിദിവസം തന്നെ എഗ്രിമെന്റ് വയ്ക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.
5. സപ്ളൈ ചെയ്യുന്ന ആഹാരസാധനത്തിന്റെ ഗുണനിലവാരവും പരിശുദ്ധിയും തെളിയിക്കുന്നതിന് വെറ്റിനറി ഡോക്ടറിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
6. വൈൽഡ്‌ലൈഫ് വാർഡന്റെ നിർദ്ദേശപ്രകാരം കരാർ കാലയളവിൽ ആഹാരസാധനത്തിന്റെ അളവ് കുറക്കുന്നതിനോ കൂട്ടുന്നതിനോ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കും.

7. നെയ്യാർ അസ്സി. വൈൽഡ്ലൈഫ് വാർഡൻ നിർദ്ദേശിക്കുന്ന സ്ഥലത്ത് എല്ലാ ദിവസവും രാവിലെ ഒൻപത് മണിക്ക് മുൻപ് തന്നെ ആഹാരസാധനങ്ങൾ എത്തിക്കേണ്ടതാണ്.
8. സപ്ളൈ ചെയ്യുന്ന ആഹാരസാധനങ്ങൾ ഒരു ദിവസത്തിനകം കേടുപാടുകൾ ഉണ്ടാവുകയാണെങ്കിൽ ആയവ നിരസിക്കുന്നതും കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ പകരം ശുദ്ധമായവ നൽകേണ്ടതുമാണ്.
9. ബന്ധപ്പെട്ട കരാറുകാരൻ തന്നെ ആഹാരസാധനങ്ങൾ സപ്ളൈ ചെയ്യേണ്ടതാണ്. കരാറുകാരൻ ഉപകരാർ നൽകുന്നതോ പകരം ആളിനെ ഏർപ്പെടുത്തുന്നതോ അംഗീകരിക്കുന്നതല്ല.
10. നിലവിലുള്ള സർക്കാർ നികുതികൾ ഈ കരാറിനും ബാധകമായിരിക്കും.
11. എഗ്രിമെന്റ് തുകയുടെ 5 ശതമാനം സെക്യൂരിറ്റി തുകയായി വൈൽഡ്ലൈഫ് വാർഡന്റെ പേർക്ക് കരാറുകാരൻ കെട്ടിവയ്ക്കേണ്ടതാണ്.
12. മൃഗശാലയിലെ മൃഗങ്ങൾക്ക് ആഹാരസാധനങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട് മ്യൂസിയം മൃഗശാല ഡിപ്പാർട്ടുമെന്റ് പുറപ്പെടുവിച്ചിട്ടുള്ള എല്ലാ നിബന്ധനകളും ഈ കരാറിലും ബാധകമായിരിക്കും.

| | | |
|---|---|---|
| ക്വട്ടേഷൻ സ്വീകരിക്കുന്ന തീയതി | : | **04/09/2019, 1.00** മണി വരെ |
| ക്വട്ടേഷൻ തുറക്കുന്ന തീയതി | : | **04/09/2019, 3.00** മണി |

വൈൽഡ്ലൈഫ് വാർഡൻ
തിരുവനന്തപുരം
(കേരള ഗവർണ്ണർക്കുവേണ്ടി)

പകർപ്പ് :

1. തിരുവനന്തപുരം മൃഗശാല സൂപ്രണ്ടിന് നൽകുന്നു. താങ്കൾ ഈ നോട്ടീസ് മൃഗശാല നോട്ടീസ് ബോർഡിൽ പതിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
2. ജില്ലാ പഞ്ചായത്ത് ഓഫീസ്, പട്ടം, തിരുവനന്തപുരം. താങ്കൾ ഈ നോട്ടീസ് ബോർഡിൽ പതിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
3. സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷന് നൽകുന്നു. താങ്കൾ ഈ നോട്ടീസ് മൃഗശാല നോട്ടീസ് ബോർഡിൽ പതിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
4. തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലെ നോട്ടീസ് ബോർഡ്.
5. തിരുവനന്തപുരം ഫോറസ്റ്റ് ട്രെയിനിംഗ് കോംപ്ലക്സിലെ എല്ലാ ഓഫീസുകളിലേയും നോട്ടീസ് ബോർഡ്.
6. നെയ്യാർ അസ്സി. വൈൽഡ്ലൈഫ് വാർഡന് നൽകുന്നു. എഗ്രിമെന്റ് വയ്ക്കുന്നതുവരെ മാർക്കറ്റ് നിരക്കിൽ ടി മൃഗങ്ങൾക്ക് നിർദ്ദിഷ്ടഭക്ഷണം നൽകുന്നതിനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്.